കുത്തകപ്പാട്ടത്തിനുള്ള അപേക്ഷകൾ

൭൫. (൯) ശ്രീ. ടി. വി. ദേവൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വനംവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കോന്നിയൂർ റെയിഞ്ചിൽ ഉൾപ്പെട്ടതും, കുന്നത്തൂർ താലൂക്കിൽ കൊട്ടമൺ പകുതിയിൽ സർവ്വെ ൪൩൫–ം, ൪൩൪–ം എന്നീ റിസർവ്വിൽനിന്നും എനാദിമംഗലം പകുതിയിൽ സർവ്വെ ൫൩൪ എന്നീ റിസർവ്വ് വനങ്ങളിൽ നിന്നും ൫൩൫ ഏക്കർ ഭൂമി കുത്തകപ്പാട്ടത്തിനു കിട്ടണമെന്നു വിവരിച്ച് ശ്രീ. പി. കെ. ദേവനാരായണൻ മുതലായവർ ചെന്ന് ബോധിപ്പിച്ചിട്ടുള്ള അപേക്ഷകളെ സംബന്ധിച്ച് എന്തു നടപടി എടുത്തിരിക്കുന്നു?

ചീഫ് മിനിസ്റ്റർ ശ്രീ. സി. കേശവൻ :

കൊട്ടമൺ പകുതിയിൽ സർവ്വെ ൪൩൫–൪൩൪ എന്നീ നമ്പരിലുൾപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് കക്ഷികൾ അപേക്ഷിച്ചിട്ടില്ല. എനാദിമംഗലം പകുതിയിൽ സർവ്വെ ൫൩൫–൯൫ ൭–ൽ ഉൾപ്പെട്ട സ്ഥലം കിട്ടണമെന്നുള്ള അപേക്ഷ, പ്രസ്തുത സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുക്കുവാനുള്ളതല്ലെന്നുള്ള കാരണത്തിന്മേൽ റിക്കാർഡ് ചെയ്തിട്ടുണ്ട്.

ചെക്കിംഗ് ഇൻസ്പെക്ടർമാർ

൭൫൫ (൨൫) ശ്രീ. ജി. എ. ലോപ്പസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ടാൻസ്റ്റോർട്ട് ഡിപ്പാർട്ടുമെൻറിൽ ചെക്കിംഗ് ഇൻസ്പെക്ടർമാർക്ക് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരീക്ഷായോഗ്യതകൾ എന്തെല്ലാം:

(ബി) ഡിപ്പാർട്ടുമെൻറിൽ വളരെകാലത്തെ സർവ്വീസുള്ള അണ്ടർഗ്രാഡുവേറ്റുകളെ ചെക്കിംഗ് ഇൻസ്പെക്ടർമാരായി നിയമിക്കുന്നുണ്ടോ;

(സി) കണ്ടക്ടർമാരിൽ ഗ്രാഡുവേറ്റ്സിനെയും, അണ്ടർഗ്രാഡുവേറ്റ് സിനെയും ചെക്കിംഗ് ഇൻസ്പെക്ടർമാരായി പ്രമോട്ടുചെയ്യുന്നതിനു എന്തെങ്കിലും fixed ratio നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ ratio ന്യായമായിട്ടുള്ളതല്ലെന്നും, വളരെകാലം സർവ്വീസുള്ള നോൺഗ്രാഡുവേറ്റ കണ്ടക്ടർമാർക്ക് സങ്കടകരമാണെന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) നിവേദനം ലഭിച്ചിട്ടുണ്ടെങ്കിൽ അതേപ്പറ്റി എന്തു തീരുമാനം ചെയ്തു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഇൻസ്പെക്ടർമാർക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ പരീക്ഷായോഗ്യത ഇ. എസ്. എൽ. സി. കോഴ്സു പൂർത്തിയാക്കി പരീക്ഷക്കു ചേർന്നിരിക്കണമെന്നുള്ളതാണ്. സാധാരണമായി കണ്ടക്ടറന്മാരെ പ്രമോട്ട ചെയ്യുകയാണ് ചെയ്യുന്നത്. എന്നാൽ നേരിട്ട ഇൻസ്പെക്ടർമാരെ നിയമിക്കുന്നപക്ഷം അവർ ഇ. എസ്. എൽ. സി. പാസായിരിക്കണമെന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഗ്രാഡുവേറ്റുകൾക്കും അല്ലാത്തവർക്കും ഇൻസ്പെക്ടർ ഗ്രേഡിലേക്ക പ്രമോഷൻ കൊടുത്തുവരുന്നത് ൩ ൧ എന്ന ക്രമത്തിലാണ്.

(ഡി) നിവേദനം ലഭിച്ചിട്ടുണ്ട്.

(ഇ) ഈ സംഗതി പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly